## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.814.** **27.04.2017 ൽ മറുപടിയ്ക്ക്**

## കാസർകോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കാസർകോഡ് ജില്ലയിൽ എക്സൈസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി 03.06.2015 ൽ സർക്കാർ പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതിനെതുടർന്ന് 28.03.2017-ൽ കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ 3.5 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. എന്നാൽ ടി എക്സൈസ് കോംപ്ലക്സ് പ്ലാനിൽ എക്സൈസ് ഡിവിഷൻ ഓഫീസ്, അസി.എക്സൈസ് കമ്മീഷണർ ഓഫീസ്, കോൺഫറൻസ് ഹാൾ, വീഡിയോ കോൺഫറൻസ് ഹാൾ ജില്ലാതല വിമുക്തി ഓഫീസ് എന്നിവ ഉൾപ്പെടുത്താത്തതിനാൽ 28.03.2017-ൽ ലഭ്യമാക്കിയ എസ്റ്റിമേറ്റ് 11.04.2017 ൽ കാസർകോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് മടക്കി അയച്ചു കൊടുത്ത് മേൽപ്പടി ഓഫീസുകൾ കൂടി ഉൾപ്പെടുത്തി പുതിയ പ്ലാനും, എസ്റ്റിമേറ്റും എത്രയും വേഗം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ അഡൂർ, പെർള എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ Rs.20,91,000/- രൂപ ചെലവിൽ (ഒരെണ്ണം 10,45,500/- രൂപ) രണ്ട് |

| | | | |
|---|---|---|---|
| | | | കണ്ടയിനർ മോഡ്യൂൾസ് സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ 24,000/- രൂപ ചെലവിൽ ഹോസ്ദുർഗ്ഗ് സർക്കിൾ ഓഫീസിൽ ഒരു 1 കെ.വി. ഓൺലൈൻ യു.പി.എസും, 29,400/- രൂപ വീതം ചെലവിൽ കാസർഗോഡ് എക്സൈസ് ഡിവിഷൻ ഓഫീസിൽ ഇ-ഓഫീസ് സിസ്റ്റം നടപ്പാക്കുവാൻ വേണ്ടി 2 കമ്പ്യൂട്ടറും വാങ്ങി നൽകിയിട്ടുള്ളതാണ്. |
| (ബി) | കാസർകോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ അതിനുവേണ്ടി ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | കാസർകോഡ് ജില്ലയിൽ എക്സൈസ് ഭവന് എവിടെയാണ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കു ന്നത്; ഇതിന് എത്ര തുക നീക്കി വച്ചിട്ടുണ്ട്; | (ഡി) | പുലിക്കുന്ന് എന്ന സ്ഥലത്താണ് എക്സൈസ് ഭവൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് ഇതിനായി തുക ഒന്നും തന്നെ നീക്കി വച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത ജില്ലയിൽ റേഞ്ച് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (ഇ) | ബദിയടുക്ക റെയിഞ്ച് ഓഫീസിന് കെട്ടിടം പണിയാൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**